# വിദേശകാര്യ മന്ത്രാലയത്തിൽ സ്വച്ഛത പഖ്വാഡ

ഫെബ്രുവരി 9, 2024

കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾക്ക്/വകുപ്പുകൾക്ക് വേണ്ടിയുള്ള ഷെഡ്യൂൾ അനുസരിച്ച്, വിദേശകാര്യ മന്ത്രാലയം 2024 ജനുവരി 16-31 തീയതികളിൽ സ്വച്ഛത പഖ്വാഡ ആചരിച്ചു. പ്രാദേശിക പാസ്‌പോർട്ട് ഓഫീസുകൾ (RPO-കൾ), പ്രൊട്ടക്റ്റർ ഓഫ് ഇമിഗ്രന്റ് (PoE-കൾ)/ വിദേശത്തുള്ള ഇന്ത്യൻ മിഷനുകൾ / പോസ്റ്റുകൾ, ഇന്ത്യയിലെ ബ്രാഞ്ച് സെക്രട്ടറിയേറ്റുകൾ, സബോർഡിനേറ്റ് ഓഫീസുകൾ എന്നിവ ഉൾപ്പെടെയുള്ള 425-ൽ അധികം കേന്ദ്രങ്ങൾ ഇതിന്റെ ഭാഗമായി.

2. പഖ്വാഡയുടെ ഭാഗമായി ഓഫീസ് പരിസരങ്ങളിലെ ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനും പാഴ്‌വസ്തുക്കൾ നീക്കം ചെയ്യുന്നതിനും ഈ സന്ദേശം പ്രചരിപ്പിക്കുന്നതിന് സമൂഹ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിനും പ്രത്യേക ഊന്നൽ നൽകി. മന്ത്രാലയത്തിലെയും ഇന്ത്യയിലെ എല്ലാ ഓഫീസുകളിലെയും / സബോർഡിനേറ്റ് ഓഫീസുകളിലെയും വിദേശത്തെ ഇന്ത്യൻ മിഷനുകളിലെയും / പോസ്റ്റുകളിലെയും എല്ലാ പ്രമുഖ സ്ഥലങ്ങളിലും സ്വച്ഛത ബാനറുകൾ പ്രദർശിപ്പിച്ചിരുന്നു. ഓഫീസുകളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ഉദ്യോഗസ്ഥർ ശ്രമദാനം നടത്തി. ശൗചാലയങ്ങൾ, കുളിമുറികൾ, ഗോവണികൾ, ഇടനാഴികൾ എന്നിവ വൃത്തിയാക്കുന്നതിനും പേപ്പർ മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-വേസ്റ്റ് ബാനറുകൾ എന്നിവ വേർതിരിക്കാനും സുരക്ഷിതമായി സംസ്കരിക്കാനുമുള്ള പ്രത്യേക പരിപാടികളും ഇതിന്റെ ഭാഗമായി നടന്നു. സൗത്ത് ബ്ലോക്ക്, ജവഹർലാൽ നെഹ്റു ഭവൻ, സുഷമ സ്വരാജ് ഭവൻ എന്നിവിടങ്ങളിലെ സംഘങ്ങൾ ശൗചാലയങ്ങളിലേക്കുള്ള ദിവ്യാംഗ് പ്രവേശന സൗകര്യം അവലോകനം ചെയ്തു.

3. സ്വച്ഛത പഖ്വാഡയിൽ വിദേശത്തുള്ള ഇന്ത്യൻ മിഷനുകളും ഇന്ത്യയിലെ RPO-കളും/ PoE-കളും ശുചീകരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. സ്വച്ഛത പ്രവർത്തനങ്ങളിൽ ഇന്ത്യൻ മിഷനുകളിൽ ഇന്ത്യൻ പ്രവാസികളും പങ്കാളികളായി. ഇന്ത്യയിലെ MEA ഓഫീസുകളും വിദേശത്തുള്ളവയും നടത്തിയ സ്വച്ഛത പ്രവർത്തനങ്ങളിൽ (i) രക്തദാന ക്യാമ്പുകൾ, (ii) തെരുവ് നാടകങ്ങൾ, (iii) പ്ലോഗിംഗ്/ സ്വച്ഛത നടത്തം, (iv) ഒപ്പ് ശേഖരണം,(v) പെയിന്റിങ്ങ് മത്സരം, (vi) വൃക്ഷത്തൈ നടൽ, (vii) കവിതാ രചന എന്നിവ ഉൾപ്പെടുന്നു.

4. സ്വച്ഛത പഖ്വാദ ഉത്സാഹത്തോടെയും ആവേശത്തോടെയും ആഘോഷിക്കപ്പെട്ടു. ഒട്ടേറെ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടത്തപ്പെട്ടത്. ഇന്ത്യയിലും വിദേശത്തും വിപുലമായ പങ്കാളിത്തമാണ് പരിപാടികൾക്ക് ഉണ്ടായത്.

**ന്യൂഡൽഹി**
**ഫെബ്രുവരി 9, 2024**